LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 26, തിങ്കൾ

നിയമസഭ 2010 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ ചോദ്യം നമ്പർ: 571

ജൈവകൃഷി

* (*571) ശ്രീ. കെ. അജിത് :

ശ്രീ. എൻ. രാജൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകൃഷി പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടത്തി വരുന്നുണ്ട് ;

(സി) കേരള ഓർഗാനിക് മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ,

(എ) നടപ്പുസാമ്പത്തിക വർഷം നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ കൃഷി വകുപ്പ് നടപ്പാക്കുന്ന ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികളിൽ പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് എന്നിവയും വി.എ.പി.സി.കെ. നടപ്പാക്കുന്ന ജൈവകൃഷി പദ്ധതിയിൽ പച്ചക്കറികളെയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) 14,279 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടന്നുവരുന്നുണ്ട്.

(സി) ജൈവകൃഷി നയം, തന്ത്രങ്ങൾ, കർമ്മപദ്ധതി എന്നിവ നടപ്പാക്കുന്നതിനും ഉദ്ദിഷ്ട രീതിയിൽ ഫലപ്രദമാക്കുന്നതിനും വേണ്ടിയാണ് കേരളാ ഓർഗാനിക് മിഷൻ രൂപീകരിച്ചിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, ജൈവകൃഷിയുടെ മേന്മയെക്കുറിച്ച് വൻ പ്രചാരണം നൽകി സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ ജൈവകൃഷിപദ്ധതികളും ഏകോപിപ്പിക്കുക, തദ്ദേശ വിപണിയെ ലക്ഷ്യംവച്ച് വിഷവിമുക്ത ഭക്ഷണം വിപണനം ചെയ്യുക, വിപണന സൗകര്യം ഒരുക്കുക, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക,. ജൈവോൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുക തുടങ്ങിയവയാണ് മിഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. കെ. അജിത്: സർ, ജൈവപച്ചക്കറി ഉൽപ്പന്നങ്ങൾ ഉൽപ്പാദനം നടത്തിക്കഴിഞ്ഞ് വിപണനം നടത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് എന്ത് സംവിധാനമാണ് ഉണ്ടാക്കിയിരിക്കുന്നത് ? അതിനോടനുബന്ധമായി സിയാലുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സൂചിപ്പിച്ചിരിന്ന എക്സ്പോർട്ടിംഗിന്റെ അവസ്ഥ എന്താണ് ?

ശ്രീ. മുല്ലക്കര രത്നാകരൻ: ജൈവകൃഷി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടന്നതോടൊപ്പംതന്നെ അതിന്റെ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ ജൈവകൃഷി മിഷന്റെ കീഴിൽ ആരംഭിക്കുന്നതാണ്. എറണാകുളത്തിന് ചുറ്റുമുള്ള ആറ് ജില്ലകളിലെ ജൈവപച്ചക്കറി ഉൽപ്പന്നങ്ങൾ കൃഷിവകുപ്പും സിയാലുമായി ഒപ്പുവച്ച കരാർ അനുസരിച്ച് എക്സ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ശ്രീ. കെ. അജിത്: സർ, ജൈവ പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ എത്ര ബ്ലോക്കുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് വ്യാപകമായി ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം കൃഷി മേഖലയിൽ വ്യാപിക്കുന്നതായി പത്രങ്ങളിൽ വാർത്ത കണ്ടു. അതിനെക്കുറിച്ച് ഗവൺമെന്റ് പഠിക്കുകയും നടപടിയെടുക്കുകയും കർഷകരെ സഹായിക്കുകയും ചെയ്യുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ: 20 ബ്ലോക്കുകളിൽ നിശ്ചയിക്കപ്പെട്ട പ്രദേശത്താണ് കേരളത്തിൽ പൈലറ്റായി ജൈവകൃഷി നയം നടപ്പാക്കുന്നത്. ഒച്ചിന്റെ ശല്യത്തിന് പരിഹാരം കാണുന്നതിനെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി ജൈവകൃഷി വ്യാപനത്തെ സംബന്ധിച്ച് ഒരു ശുപാർശ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിലാണ് ഓർഗാനിക് മിഷൻ രൂപീകരിക്കണം, കൃഷിഭവൻതലത്തിൽ ഓർഗാനിക് സെല്ലുകൾ രൂപീകരിക്കണം എന്നൊക്കെ പറഞ്ഞിട്ടുള്ളത്. ഈ മിഷനെ സംബന്ധിച്ചും ഓർഗാനിക് സെല്ലുകളെ സംബന്ധിച്ചും ഗവൺമെന്റ് എന്ത് നടപടികളാണ് എടുത്തിട്ടുള്ളത് ?

ശ്രീ. മുല്ലക്കര രത്നാകരൻ : ബന്ധപ്പെട്ട റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് ഓർഗാനിക് മിഷൻ രൂപീകരിച്ചിട്ടുള്ളത്. അതിൽ പറഞ്ഞ നിർദ്ദേശങ്ങൾ ആ മിഷൻ നടപ്പാക്കുന്നതോടുകൂടി നടപ്പാക്കാൻ സാധിക്കും.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ജൈവകൃഷിക്ക് ദോഷകരമായ തരത്തിൽ നിരവധി കീടനാശിനികൾ ഇപ്പോൾ ഉപയോഗിച്ചുവരുകയാണ്. ഇത് പാരിസ്ഥിതിക പ്രശ്നവും മനുഷ്യന്റെ ആരോഗ്യപ്രശ്നവും ഉണ്ടാക്കുന്നുണ്ട്. ഇത്തരം കീടനാശിനികൾ ഏതൊക്കെയാണെന്നും ഏതെല്ലാം ബ്രാന്റുകളാണെന്നും കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് നിരോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ: നമ്മുടെ സംസ്ഥാനത്ത് എൻഡോസൾഫാൻ ഉപയോഗം നിരോധിച്ചിട്ടുണ്ട്. മറ്റ് കീടനാശിനികളെക്കുറിച്ചുള്ള പല പരാതികളും ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. പക്ഷേ, കീടനാശിനികൾ നിരോധിക്കാനുള്ള അവകാശം സംസ്ഥാന ഗവൺമെന്റിനുള്ളതല്ല. എൻഡോസൾഫാന്റെ കാര്യം കോടതി വിധിയനുസരിച്ചാണ് കേരളത്തിൽ നിലനിൽക്കുന്നത്. എന്നാൽ കീടനാശിനി ഉപയോഗം ജൈവകൃഷി നടത്തുന്ന മേഖലയിൽ പൂർണ്ണമായി ഒഴിവാക്കും. അതിന്റെ പാക്കേജ് ഓഫ് പ്രാക്ടീസിൽ രാസകീടനാശിനി ഉപയോഗം ഉണ്ടായിരിക്കുകയില്ല.

ശ്രീ. പള്ളിപ്രം ബാലൻ : സർ, അങ്ങ് ഇവിടെ പറയുകയുണ്ടായി, 20 ബ്ലോക്കുകളിലെ കൃഷിഭവനുകളിലാണ് ജൈവകൃഷി നടപ്പിലാക്കുന്നതെന്ന്. സംസ്ഥാനത്തെ എല്ലാ കൃഷി ഉദ്യോഗസ്ഥന്മാർക്കും ജൈവകൃഷി നടത്തുന്നതിനു വേണ്ടിയുള്ള പരിശീലനം നൽകിയിട്ടുണ്ടോ ; ആഭ്യന്തര മാർക്കറ്റിൽ ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ടോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : ജൈവകൃഷി നയം നടപ്പാക്കുമ്പോൾ രണ്ട് കാര്യങ്ങളാണ് പ്രധാനമായും വരുന്നത്. ഒന്ന്, നിലവിലുള്ള പാക്കേജ് ഓഫ് പ്രാക്ടീസിനുപകരം പുതിയ ഒരു പാക്കേജ് ഓഫ് പ്രാക്ടീസ് വേണം. ആ പാക്കേജ് ഓഫ് പ്രാക്ടീസ് യൂണിവേഴ്സിറ്റി തയ്യാറാക്കിയത് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ആ അംഗീകരിച്ച പാക്കേജ് ഓഫ് പ്രാക്ടീസ് കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് വിതരണം നടത്തിയിട്ടുണ്ട്. അതിന്റെ മൂന്ന് പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജൈവകൃഷി നയം നടപ്പാക്കുന്ന പ്രത്യേകയിടങ്ങളിൽ അവിടത്തെ കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർക്കും പൊതു

ജനങ്ങൾക്കും ബന്ധപ്പെട്ടവർക്കും പ്രത്യേകമായി പരിശീലനം നൽകുകയും ആ പാക്കേജ് ഓഫ് പ്രാക്ടീസ് നടപ്പാക്കുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കുകയും അത് നടപ്പാക്കുകയും ചെയ്യും.

ശ്രീ. വർക്കല കഹാർ : സർ, നമ്മുടെ വിപണിയിലെത്തുന്ന പച്ചക്കറികളും പലവർഗ്ഗങ്ങളുമൊക്കെത്തന്നെ അമിതമായ കീടിനാശിനി ഉപയോഗത്തിലൂടെ കൃത്രിമമായി പഴുപ്പിച്ചെടുത്തവയാണ്. ജനങ്ങളുടെ ആരോഗ്യത്തെ ഇത് ഗുരുതരമായി ബാധിക്കുന്നുണ്ട്. ഓർഗാനിക് ഫാമിലൂടെ വിളയിച്ചെടുക്കുന്ന വിളകളെ ഇത് പ്രോത്സാഹിപ്പിക്കുന്നു. ഇതുസംബന്ധിച്ച് ജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകണം. അതുപോലെ തന്നെ ജൈവകൃഷിയിൽ വിളയിച്ചെടുത്ത വിളകൾക്ക് ഈ ദിശയിൽ പുതിയ ഒരു മാർക്കറ്റിംഗ് സ്ട്രാറ്റജി ആവിഷ്ക്കരിക്കുന്നതിന് സർക്കാരിന് എന്തൊക്കെ നടപടി നിർവ്വഹിക്കാൻ കഴിയും ?

ശ്രീ. മുല്ലക്കര രത്നാകരൻ : ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് പുതിയ കാലാവസ്ഥയിൽ നമ്മുടെ ആഹാരം ശുദ്ധമായിരിക്കണമെന്നും മണ്ണും വെള്ളവും അന്തരീക്ഷവും ശുദ്ധമാകണം എന്നുമുള്ളതാണ്. അതുസംബന്ധിച്ചുള്ള ഒരു പൊതുബോധം കേരളത്തിൽ വളർന്നുവരുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഉൽപ്പന്നം മാത്രം പോര, അത് പാചകം ചെയ്യുന്നതുപോലും ഒരു ഓർഗാനിക് രീതിയിലാകുമ്പോഴേ അത് വിഷവിമുക്തമാകൂ. ഇതെല്ലാം ചേർന്ന ഒരു അവബോധം കുട്ടികളിലും കുടുംബങ്ങളിലും സൃഷ്ടിക്കുക എന്നതാണ് ജൈവനയവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട പരിപാടി. ഒക്ടോബർ 2-ന് ഗാന്ധിജയന്തി ദിനത്തിൽ കേരളത്തിലെ 20 ബ്ലോക്കുകളിൽ വിത്ത് നട്ടുകൊണ്ടാണ് അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. മാർക്കറ്റിംഗിന്റെ കാര്യത്തിൽ ഉൽപ്പാദനം ഉണ്ടാകുമ്പോൾ കേരളത്തിൽ ഒരു നിശ്ചിത വില കൂടുതൽ കൊടുത്തായിരിക്കും ആ ഉൽപ്പന്നങ്ങൾ വിൽക്കപ്പെടുന്നത് അതിനുള്ള സംവിധാനം ഉണ്ടാക്കാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഇടുക്കി ജില്ല ഏറ്റവും അനുയോജ്യമായ ജൈവ പച്ചക്കറികൃഷിക്ക് യോജിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയെ ജൈവ പച്ചക്കറികൃഷി ജില്ലയായി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ എല്ലാ ബ്ലോക്കുകളേയുമാണ് ജൈവ പച്ചക്കറികൃഷിക്ക് പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിൽ പൊതുവായ വലിയ അവബോധം വേണം. ഇടുക്കി ജില്ലയിൽ സാദ്ധ്യതയുള്ളപ്പോൾ തന്നെ മാരകമായ കീടനാശിനികൾ മറ്റു പല വിളകളിലും ഉപയോഗിക്കുന്നത് വളരെ കൂടുതലാണ്. അതിന്റെ പ്രത്യാഘാതം ഇടുക്കിയിൽ ധാരാളമായിട്ടുണ്ട്. ഇടുക്കി ജില്ല കാലാവസ്ഥയുടെയും മണ്ണിന്റെയും പ്രത്യേകത കൊണ്ട് ജൈവകൃഷിക്ക് ഏറ്റവും പറ്റിയ ജില്ലയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കണം. അതിന്റെ ഭാഗമായി ഗ്രാമങ്ങളിലേയും പഞ്ചായത്തുകളിലെയും കൃഷിഭവൻ മുൻകൈയെടുത്തുകൊണ്ട് ഒരുപാട് ജൈവ പച്ചക്കറി ഗ്രാമങ്ങൾ തന്നെ നമ്മുടെ നാട്ടിൽ ഉണ്ടാക്കുന്നുണ്ട്. ജൈവവളം എന്നുള്ള നിലയിൽ പച്ചിലയും ചാണകവുമൊക്കെ ഉപയോഗിക്കുമ്പോൾ പഞ്ചായത്ത് മുഖാന്തിരം രാസവളങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതൊരു വിരോധാഭാസമാണ്. രാസവളങ്ങൾക്കുപകരം ജൈവ വളങ്ങൾ എത്തിച്ചു കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. നിലവിൽ ഒരു പാക്കേജ് ഓഫ് പ്രാക്ടീസുണ്ട്. അത് യൂണിവേഴ്സിറ്റി തയ്യാറാക്കിയതും ഗവൺമെന്റ് അംഗീകരിച്ചതും കേരളത്തിൽ നടപ്പാക്കി വരുന്നതുമാണ്. അത് രാസവളങ്ങളും കീടനാശിനികളും എല്ലാംചേർന്ന ഒരു പാക്കേജ് ഓഫ് പ്രാക്ടീസ് ആണ്. നമ്മൾ ജൈവകൃഷി നയം നടപ്പാക്കുമ്പോൾ രണ്ടാമത് ഒരു പാക്കേജ് ഓഫ് പ്രാക്ടീസ് രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ആഗ്രഹം 10 വർഷംകൊണ്ട് ആദ്യത്തെ പാക്കേജ് ഓഫ് പ്രാക്ടീസ് പുറകോട്ട് സഞ്ചരിക്കുകയും രണ്ടാമത്തെ പാക്കേജ് ഓഫ് പ്രാക്ടീസ് മുന്നോട്ട് സഞ്ചരിക്കുകയും അവസാനം ആദ്യത്തെ പാക്കേജ് ഓഫ് പ്രാക്ടീസ് കേരളത്തിൽ ഭക്ഷ്യവിളകളിലും സുഗന്ധവ്യഞ്ജനങ്ങളിലും നെല്ലിനും എല്ലാം ഇല്ലാതാകുകയും രണ്ടാമത്തെ പാക്കേജ് ഓഫ് പ്രാക്ടീസ് നടപ്പാക്കുന്ന സംസ്ഥാനമായി കേരളം മാറുകയും കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിമാന്റ് കിട്ടുന്നവിധം ആ ഉൽപ്പന്നങ്ങൾ സർട്ടിഫൈഡ് ചെയ്ത് നൽകാവുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുകയുമാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, രണ്ട് ജില്ലകളിൽ പൂർണ്ണമായും നിരവധി വികസന ബ്ലോക്കുകളിൽ ഭാഗികമായുമാണ് ഇപ്പോൾ ഈ കൃഷി ചെയ്യുന്നത്. എന്റെ മണ്ഡലത്തിൽ കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന പ്രദേശം എന്ന് പേരുകേട്ട തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുന്ന ചേലന്നൂർ വികസന ബ്ലോക്കിൽ അതിനനുസരിച്ചുള്ള പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ഏറ്റവും കൂടുതൽ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പ്രദേശങ്ങളെ കണ്ടെത്തി അവർക്ക് പ്രത്യേകമായ പരിശീലനവും ആ പ്രദേശങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുമോ : ഈ ബ്ലോക്കിന്റെ കാര്യം പ്രത്യേകം പരിഗണിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, കോഴിക്കോട് ജില്ലയിൽ ഇപ്പോൾ തെരഞ്ഞെടുത്തിട്ടുള്ള ബ്ലോക്ക് കൊയിലാണ്ടിയാണ്. പല കാരണങ്ങൾ കൊണ്ടാണ് ഇങ്ങനെ ഒരു ബ്ലോക്ക് തെരഞ്ഞെടുക്കുന്നത്. ഈ കാര്യം നമുക്ക് പരിശോധിക്കാം. പക്ഷേ, ആദ്യം പൈലറ്റ് പ്രോഗ്രാമെന്ന നിലയിൽ നമ്മൾ ഒക്ടോബർ 2-ന് തുടങ്ങുന്നത് കൊയിലാണ്ടി ബ്ലോക്കിലാണ്. മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശൂർ ജില്ലയിൽ അഡാട്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ മാതൃകാപരമായി കൃഷി നടത്തുന്നു. ഇതിന് നല്ല റെസ്പോൺസുണ്ട്. അതേ സമയം കാശ് കുറച്ച് കൂടുതലാണെങ്കിലും ജനങ്ങൾക്ക് താൽപ്പര്യമുള്ളതുകൊണ്ട് ഇതിലും ചില വ്യാജം ചില സ്ഥലങ്ങളിൽ നടക്കുന്നതായി അറിയുന്നു. യഥാർത്ഥത്തിൽ ജൈവവളം പ്രയോഗിക്കാതെ തന്നെ ജൈവവള ഉൽപ്പന്നമാണ് എന്നുപറയുന്ന ഒരു ടെൻഡൻസി ചിലയിടത്ത് വരുന്നുണ്ട്. അത് നിയന്ത്രിക്കുന്ന കാര്യത്തിലും പ്രത്യേക പരിഗണന കൊടുക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഈ ജൈവകൃഷി ആരംഭിക്കുമ്പോൾ ഇതിന്റെ സർട്ടിഫിക്കേഷൻ ഗവൺമെന്റ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നൽകുന്ന ഒരു സംവിധാനമാണ്. ആ സംവിധാനത്തിൽ ഇത്തരം വ്യാജ ഇടപെടലുകളോ വ്യാജമായ തരത്തിലുള്ള ഏതെങ്കിലും സംവിധാനമോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. ജൈവ കൃഷി സംബന്ധിച്ച് സർട്ടിഫിക്കേഷൻ കൊടുക്കുന്നത് മണ്ണിനാണ്. മണ്ണിന് സർട്ടിഫിക്കേഷൻ കൊടുക്കുന്നതുകൊണ്ട് ആ മണ്ണിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നമാണ് സർട്ടിഫൈഡ് ഉൽപ്പന്നമായി വിൽക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി : സർ, വിഷവിമുക്ത ഭക്ഷണം നൽകാൻ ജൈവനയം പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കുന്നതിന് സർക്കാരിനെ ആദ്യമായി അഭിനന്ദിക്കുകയാണ്. എല്ലാ ഭക്ഷണ പദാർത്ഥങ്ങളും വിഷംകലർന്നുവരുന്ന ഈ സാഹചര്യത്തിൽ നമ്മുടെ അരി ഉൽപ്പാദിപ്പിക്കുന്ന നെൽകൃഷി മേഖലയിൽ ഈ ജൈവകൃഷി നയം വ്യാപിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇവിടെ നെൽകൃഷി മേഖലയിൽ മുന്നൂറ് ഏക്കറിൽ ജൈവകൃഷിക്ക് വേണ്ടിയുള്ള പരിശ്രമം വന്നപ്പോൾ ഈ ട്രൈക്കോഗ്രാമ ഉപയോഗിക്കുന്നതിൽ പരാജയം സംഭവിക്കുന്ന ഒരവസ്ഥയാണ് പൊതുവേ ഉണ്ടായത്. അപ്പോൾ വീണ്ടും മറ്റ് കീടനാശിനിയിലേക്ക് പോകുന്ന ഒരവസ്ഥയുണ്ട്. അപ്പോൾ ഗുണനിലവാരമില്ലാത്ത ജൈവ വളങ്ങളും കീടനാശിനികളും വ്യാപകമായി പെരുകിവരികയാണ്. അത് കൃഷിവകുപ്പിൽ നിന്ന് ശുപാർശചെയ്യുന്ന ചില ഉദ്യോഗസ്ഥന്മാരുമുണ്ട്. അതുകൊണ്ട് ഗുണമേന്മയുള്ള നല്ല വളവും കീടനാശിനിയും വിലക്കുറവിൽ കൃഷിക്കാർക്ക് ഉൽപ്പാദന മേഖലയിൽ കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ജൈവകൃഷി നയം നടപ്പാക്കുമ്പോൾ ആദ്യം വേണ്ടത് ഒരു അവബോധമാണ്. കാരണം ജൈവകൃഷി നയം നടപ്പാക്കുന്ന മണ്ണിൽ നമ്മൾ പ്ലാസ്റ്റിക്ക് എറിയുക, അല്ലെങ്കിൽ ഏതെങ്കിലും ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളോ, ലെഡ്ഡിന്റെ അംശമുള്ള സാധനങ്ങളോ എറിയുക അങ്ങനെയുള്ള സാധനങ്ങൾ ജൈവമായിട്ട് നടപ്പാക്കുന്നതിന് പ്രയാസമായി വരും. അതായത് ആദ്യമായിത്തന്നെ മണ്ണിനെ നമ്മൾ പഴയതുപോലെ പരിരക്ഷിക്കണം. കാലിവളർത്തൽ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം. പച്ചിലവളം കിട്ടാവുന്ന തരത്തിൽ പണ്ട് അതിരുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുപിടിപ്പിക്കുന്നതുപോലെ പച്ചില വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണം. ഇതെല്ലാം കൂടിച്ചേർന്ന് ഒരു പുതുഅവബോധത്തിന്റെ പുതിയ ഒരു തിരയുണ്ടായാലേ ഈ ജൈവകൃഷി വിജയിക്കൂ, അങ്ങനെ വിജയിക്കുമ്പോൾ സ്വാഭാവികമായി ഓരോരുത്തരും അവരവരുടെ പുരയിടത്തിലോ അവരുടെ പരിസരത്തിലോ കൂട്ടായ്മയിലോ ജൈവ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനും, ജൈവകൃഷി രീതി അവലംബിക്കാനും, മണ്ണിനെ ശുദ്ധീകരിക്കാനും, ഉൽപ്പന്നങ്ങൾ വിൽക്കപ്പെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുമൊക്കെ കഴിയും. മെമ്പർ പറഞ്ഞ ഒര കാര്യം ശ്രദ്ധേയമാണ് പല ജൈവ വളങ്ങളും ക്വാളിറ്റി ഇത്രത്തോളം അഷ്വർ ചെയ്യുന്നില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കർഷകർ തന്നെ വളം മേടിക്കാനുള്ള സംവിധാനവും ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. ക്വാളിറ്റിയുണ്ടെന്ന് ഉറപ്പാക്കിയാൽ മാത്രം മതി.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ജൈവകൃഷിക്ക് ഇപ്പോൾ സർട്ടിഫിക്കറ്റ് നൽകുന്നത് ഇന്റർനാഷണൽ അക്രഡിറ്റേഷൻ ഏജൻസിയായ ഇൻഡോസെറ്റ് പോലെയുള്ള സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളാകട്ടെ മൂന്നുവർഷം അവരുടെ നിരീക്ഷണത്തിൽ ഈ കൃഷിയിടം നോക്കുകയും അതോടൊപ്പം അവർ നൽകുന്ന ഉൽപ്പന്നങ്ങളും, നിബന്ധനകളും പാലിക്കാനും അവർ പറയുന്ന ഫീസ് നൽകാനും ഓരോ കർഷകനും നിർബന്ധിതരാണ്. ഈ സാഹചര്യത്തിൽ നമ്മുടെ സാധാരണ കർഷകർക്ക് ഈ രംഗത്തേയ്ക്ക് കടന്നുവരാൻ കഴിയുന്നില്ല. കാരണം അവർ ഇത്തരം ഏജൻസികളുമായി ബന്ധപ്പെടുന്നില്ലെന്ന് മാത്രമല്ല ഇത്തരം ഒരു കൃഷിയും പരീക്ഷിക്കുമ്പോൾ മൂന്നുവർഷത്തോളം അവർ നഷ്ടം സഹിക്കേണ്ടിവരുന്നു. അതുകൊണ്ട് സ്വാഭാവികമായും ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ നമ്മുടെ കാർഷിക സർവ്വകലാശാല, കേന്ദ്ര ഏജൻസികൾ, വ്യക്തി-ഗവേഷണ കേന്ദ്രം ഇത്തരം സ്ഥാപനങ്ങളെയൊക്കെ ഇതിന് സർട്ടിഫിക്കറ്റ് നൽകാൻ കഴിയുന്ന ഏജൻസികളായി ഉയർത്തിക്കൊണ്ടുവന്ന് സാധാരണ കർഷകരെ ഇതിനുവേണ്ടി പ്രോൽസാഹിപ്പിക്കുന്നതിന് അവർക്ക് സ്റ്റെബിലൈസേഷൻ ഫണ്ട് കൊടുക്കുന്ന കാര്യത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ലോകം അംഗീകരിച്ച ഒരു നയമനുസരിച്ച് മൂന്നുവർഷംകൊണ്ടാണ് ഒരു മണ്ണ് ജൈവ ഉൽപ്പന്നങ്ങൾ വിളയിക്കുന്നതിന് കരുത്താർജ്ജിക്കുന്നത്. അതുകൊണ്ട് ആദ്യത്തെ മൂന്നു വർഷക്കാലം ഒരു ട്രാൻസിഷൻ പീരിയേഡാണ്. ആദ്യത്തെ ഒരു വർഷം സേഫ് ഫുഡ്ഡെന്ന നിലയിലാണ് ഇതിനെ കണക്കാക്കുന്നത്. ഓർഗാനിക് ഫുഡ്ഡെന്ന നിലയിലല്ല. രണ്ടാമത്തെ വർഷം കുറച്ചുകൂടി മെച്ചപ്പെട്ട ഫുഡ്ഡെന്ന നിലയിലും മൂന്നാം വർഷം കഴിയുമ്പോഴാണ് ജൈവ ഉൽപ്പന്നമായി മാറുന്നത്. അതുകൊണ്ട് ആദ്യത്തെ രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് നൽകാൻ യൂണിവേഴ്സിറ്റിയെ തന്നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വലിയ ഫീസില്ലാതെ ഇത്തരം കാര്യങ്ങൾ നൽകാനും കഴിയുന്ന ത്ര

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായിത്തന്നെ ഇത്തരം കാര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള സംവിധാനമാണ് ഗവൺമെന്റ് ഒരുക്കിയിട്ടുള്ളത്. ഇതിന്റെ സബ്സിഡി കണ്ടന്റ് കൂടുതലാണ്.

ശ്രീ. ബാബു പോൾ : സർ, ഇവിടെ രാസവളങ്ങളുടെയും, രാസ കീടനാശിനികളുടേയും കൈപ്പിടിയിൽ നിന്ന് മണ്ണിനേയും മനുഷ്യനേയും പരിസ്ഥിതിയേയും സംരക്ഷിക്കാനുള്ള ഏക പോംവഴി ജൈവകൃഷിയാണ്. ഇന്ന് സംസ്ഥാനത്ത് വിവിധ മേഖലകളിലായി ജൈവ കർഷകർ വ്യാപകമായി ഈ കൃഷിയിലേക്ക് വന്നുകൊണ്ടിരിക്കുന്നുണ്ട്. അവർ നേരിടുന്ന വളരെ പ്രധാനപ്പെട്ട രണ്ട് വിഷയങ്ങളാണ് ശ്രീ. രണ്ടത്താണി ഇവിടെ സൂചിപ്പിച്ചത്. യൂണിവേഴ്സിറ്റിയിൽ നിന്ന് ഇതിന്റെ തെളിവെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ജൈവകൃഷിക്കാരുമായി ആശയവിനിമയം നടത്താൻ പോയ സമിതിയിലെ ഒരംഗമായിരുന്നു ഞാൻ. അവർ പറഞ്ഞത് സർട്ടിഫിക്കേഷനുവേണ്ടി യൂണിവേഴ്സിറ്റിയിൽ നിന്ന് യാതൊരുവിധ പ്രയോജനവും ഇന്ന് ലഭ്യമാകുന്നില്ല എന്നുള്ളതാണ് അതുകൊണ്ട് പ്രത്യേകമായി ദേശീയ ജൈവ കാർഷിക ഇൻസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കേഷൻ അധികാരത്തോടുകൂടി സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഇതിന്റെ സർട്ടിഫിക്കേഷനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരുന്ന ഫീസ് എസ്.എച്ച്.എം. വഴിയാണ് കൊടുത്തുകൊണ്ടിരുന്നത്. അത് ഇപ്പോൾ നിർത്തലാക്കി നാഫെഡ് വഴിയായപ്പോൾ കൃഷിക്കാർക്ക് ലഭ്യമാകാത്ത സാഹചര്യമുണ്ട്. നാഫെഡ്ഡിന്റെ ബ്രാഞ്ചുകൾ സംസ്ഥാനത്തില്ലതാനും. അതുകൊണ്ട് അത് എസ്.എച്ച്.എം. വഴിയാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇക്കാര്യം നേരത്തെ ശ്രീ. രണ്ടത്താണിയുടെ ചോദ്യത്തിനുത്തരമായി തന്നെ വിശദീകരിച്ചതാണ്. യൂണിവേഴ്സിറ്റിയെ ഇതിന്റെ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.എച്ച്.എം.-വഴി തന്നെ സർട്ടിഫിക്കേഷൻ നൽകുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തത്വത്തിൽ അത് അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, നൂറ് ശതമാനവും ഓർഗാനിക്കും അതുപോലെ കലർപ്പില്ലാത്തതുമായ ഭക്ഷണമാണ് ചക്കപ്പഴം. അതുപോലെ ചക്കയുമായി ബന്ധപ്പെട്ട എല്ലാ ഉൽപ്പന്നങ്ങളും പ്രയോജനമുള്ളതുതന്നെയാണ്. മണ്ണിന്റെ ഘടനകൂടിനോക്കി വലിയ പ്ലാവിന്റെ താഴെ ഒരു ചേമ്പും, മറ്റു ബന്ധപ്പെട്ട വിളകളും കൂടി കൃഷിചെയ്താൽ അതും ജൈവമായിട്ട് ബന്ധപ്പെട്ടു പോകുന്നതാണ്. അതുകൊണ്ട് ഒരു പത്തുലക്ഷം പ്ലാവിൻ തൈ കേരളത്തിൽ നടാനുള്ള പ്രവർത്തനത്തെ ജൈവകൃഷിയുമായി ബന്ധപ്പെടുത്തി കോ-ഓർഡിനേഷൻ നടത്താൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഈ പറഞ്ഞ കാര്യം ലോകം അംഗീകരിച്ചുവരികയാണ്. നമ്മൾ കഴിക്കുന്ന ഭക്ഷണത്തിൽ ഒരുപാട് മെഡിസിനൽ കണ്ടന്റ് ഉള്ളതും നമ്മുടെ ശരീരത്തിന് ആവശ്യമുള്ളതുമാണ്

ചക്കയുടെ എല്ലാ ഉൽപ്പന്നങ്ങളും. ചക്കക്കുരു ആണെങ്കിലും ചക്കയാണെങ്കിലും അതിന്റെ ബാക്കി കഴിക്കുന്ന പശുക്കൾക്കുപോലും വളരെ മെഡിസിനൽ കണ്ടന്റുള്ള ഒരു ഉൽപ്പന്നമാണിത്. ചക്ക കേരളത്തിൽ കുറഞ്ഞുവരുന്നതല്ല, ഇപ്പോൾ അവസാനത്തെ വിവരം അനുസരിച്ച് ഉള്ള ചക്കയിൽ ഒരു പങ്ക് നമ്മൾ കഴിക്കുന്നില്ല എന്നുള്ളതുപോലും കേരളത്തിൽ പ്രശ്നമാണ്. പണ്ടു കാലത്ത് കേരളത്തിൽ ഒരു ചക്കയിൽ മുള്ളൊഴിച്ച് ബാക്കിയെല്ലാം മലയാളി ഉപയോഗിച്ചിരുന്നു. നമ്മളും അതിന് അനുബന്ധമായി വരുന്നതെല്ലാം വീട്ടിൽ പശുവിനും അല്ലെങ്കിൽ മറ്റ് മൃഗങ്ങൾക്കും കൊടുക്കാനായി ഉപയോഗിച്ചിരുന്നു. അതുകൊണ്ട് ഒന്നും കളയാത്ത ഒരു സാധനമായിരുന്നു. ഇപ്പോൾ പുതിയ കണക്കനുസരിച്ച് ഏതാണ്ട് 40 ശതമാനത്തോളം ചക്ക കേരളത്തിൽ ഉള്ള പ്ലാവിൽ പിടിക്കുന്നത് തനിയെ വീണുപോകുകയാണ്. ബാക്കിയുള്ള ചക്കയും നമ്മൾ കഴിക്കുകയല്ല, പുറത്തോട്ട് കയറ്റി അയയ്ക്കുകയാണ്. അതുകൊണ്ട് ചക്കയുടെ പ്ലാന്റിംഗ് മെറ്റീരിയിൽ ഗവൺമെന്റ് കൊടുക്കാൻ തയ്യാറാണ്. അതിന്റെ ഒരു അവബോധം സൃഷ്ടിക്കാം. ഒരുമിച്ച് ശ്രമിച്ചാൽ കേരളത്തിൽ പഴയതുപോലെ ചക്കയും ചക്കയുടെ ഉൽപ്പന്നങ്ങളുമെല്ലാം തിരിച്ചുകൊണ്ടു വരാം.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഇവിടെ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനെ സംബന്ധിച്ച് അങ്ങ് പറഞ്ഞത് ബോധവൽക്കരണം, പ്രചരണം, സെമിനാറുകൾ, ഗ്രൂപ്പുചർച്ചകൾ തുടങ്ങിയ സംഗതികൾക്കുവേണ്ടി പത്തുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നാണ്. പ്രത്യേകിച്ച് ഈ ഓണക്കാലത്ത് ജില്ലാതലത്തിലെങ്കിലും ജൈവകൃഷി ഉല്പന്നങ്ങൾ എന്നുപറഞ്ഞുകൊണ്ട് പ്രത്യേകമായി അതിന്റെ പ്രചാരണത്തിനുള്ള സ്റ്റാളുകളും, ചന്തകളും സംഘടിപ്പിക്കാൻ കൃഷി ഡിപ്പാർട്ടുമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, നമ്മൾ ഇപ്പോൾ വിൽക്കപ്പെടുന്നത് ജൈവ കൃഷി ഉല്പന്നങ്ങൾ എന്ന നിലയിലല്ല. ജൈവ കൃഷി ഉല്പന്നങ്ങൾ എന്നുപറയുമ്പോൾ അതിന്റെ സർട്ടിഫിക്കറ്റ് ഒക്കെ പ്രധാനമാണ്. ഓണക്കാലത്തും മറ്റ് കാലങ്ങളിലും കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ ഹോർട്ടികാർപ്പും വി.എഫ്.പി.സി.കെ.-യും വഴി വിൽക്കപ്പെടുന്നുണ്ട്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, ജൈവകൃഷി ഉല്പന്നങ്ങൾ എന്തു വില കൊടുത്തും വാങ്ങാൻ സാധാരണ ജനങ്ങൾ തയ്യാറാണ്. ഇപ്പോൾ തൃശ്ശൂരിൽത്തന്നെയുള്ള ഒരു സംഘടന ആഴ്ചയിൽ ഒരു ദിവസം ജൈവപച്ചക്കറി ഉൽപ്പന്നങ്ങൾ കൊണ്ടുവന്ന് കൃഷിക്കാർക്ക് നേരിട്ട് വിൽക്കാൻ അവസരം കൊടുക്കുന്നുണ്ട്. നിയന്ത്രിക്കാൻ പറ്റാത്ത വലിയ തിരക്കാണ് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ അഡാട്ട് ഫാർമേഴ്സ് ബാങ്ക് അവരുടെ രണ്ടായിരത്തോളം ഏക്കർ വരുന്ന സ്ഥലത്ത് ജൈവനെൽക്കൃഷി നടത്തുന്നുണ്ട്. വിത്തും വളവും ഒക്കെ അവരാണ് കൊടുക്കുന്നത്. ആ നെല്ല് വാങ്ങാൻ മില്ലുകാർ ക്യൂവാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ അല്പം പ്രോൽസാഹനം കൊടുത്താൽ ജൈവകൃഷി നല്ല പോലെ വർദ്ധിച്ചു വരും. ഇപ്പോൾ തോളൂർ പഞ്ചായത്തിൽ ഒരു അനുഭവമുണ്ടായി, ജൈവവളകൃഷിക്കാർ ചീര നല്ലപോലെ കൃഷി ചെയ്തു. പക്ഷേ, അത് തൃശ്ശൂരിൽ കൊണ്ടുവന്ന് വിൽക്കാൻ അവർക്ക് സൗകര്യമില്ല. അങ്ങനെ കൊണ്ടുവന്ന് വിൽക്കുമ്പോൾ അവർക്ക് വലിയ സാമ്പത്തിക ബുദ്ധിമുട്ട് വരും. അവർ ചീര മുറിച്ചു പശുക്കൾക്ക് കൊടുക്കുകയാണ്. അപ്പോൾ ഈ ജൈവ പച്ചക്കറി ഉൽപ്പന്നം ശേഖരിക്കാനും അത് വിൽക്കാനും ഒരു പൊതുസ്ഥലമുണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇടപെടുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഈ ജൈവ മിഷൻ നടപ്പിലാക്കുമ്പോൾ ഈ പ്രശ്നങ്ങൾ പ്രത്യേകിച്ച് കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിലെങ്കിലും ജൈവ ഉല്പന്നങ്ങളായി പിന്നെ മാറുന്ന safe food എന്ന നിലയിൽ വിൽക്കപ്പെടുന്നതിനുള്ള സംവിധാനം ഗവൺമെന്റ് ഉണ്ടാക്കും.

ശ്രീ. എം. കെ. പ്രേംനാഥ് : സർ, ആരോഗ്യം വളരെ പ്രധാനം തന്നെയാണ്. പക്ഷേ, പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ ആക്ട് പ്രകാരം നിരപരാധികൾ ശിക്ഷിക്കപ്പെടുകയും യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് നിരപരാധികളെ രക്ഷിക്കുന്നതിനും യഥാർത്ഥ കുറ്റവാളികളെ ശിക്ഷിക്കുന്നതിനും വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇത് ജൈവകൃഷി നയവുമായി ബന്ധപ്പെട്ടതല്ല. കച്ചവടവുമായി ബന്ധപ്പെട്ട കാര്യമാണ്. ആ കാര്യത്തിൽ തീർച്ചയായിട്ടും ശ്രദ്ധാപൂർവമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീ. കെ. വി അബ്ദുൾഖാദർ : സർ, നിയമസഭാ പരിസ്ഥിതി സമിതി പാലക്കാട് ജില്ലയിലെ മുതലമടയിൽ പോയപ്പോൾ അവിടെ കണ്ട വലിയ പ്രശ്നം കാസർഗോഡ് ജില്ലയിൽ നിരോധിച്ച എൻഡോസൾഫാൻ അവിടെ വ്യാപകമായി ഉപയോഗിക്കുന്നതാണ്. ഏറ്റവും കൂടുതൽ മാമ്പഴം കേരളത്തിൽ ഉണ്ടാക്കുന്ന സ്ഥലം മുതലമടയാണ്. മുതലമടയിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നത് തമിഴ്നാട്ടിൽനിന്ന് ചെറിയ കുപ്പികളിലും പാത്രങ്ങളിലും കൊണ്ടുവന്നിട്ടാണ്. എൻഡോസൾഫാൻ ഉപയോഗിച്ച് കൃഷി നടത്തുന്നത് തടയാൻ കൃഷിവകുപ്പ് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കിയില്ലെങ്കിൽ നമ്മുടെ ജനങ്ങളുടെ ആരോഗ്യം വലിയരീതിയിൽ തകരും. ഇത് തടയുന്നതിന് പ്രത്യേകമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, എൻഡോസൾഫാൻ വിൽക്കപ്പെടുന്നതും ഉപയോഗിക്കുന്നതും കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. എന്നാൽ തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ നിരോധിച്ചിട്ടില്ല. അപ്പോൾ നമ്മുടെ അതിർത്തി ജില്ലയിലെ കർഷകർ സ്വാഭാവികമായും എൻഡോസൾഫാൻ എന്ന പേരിൽ അല്ലാതെതന്നെ മറ്റ് പേരുകളിൽ പാത്രത്തിലാക്കിയും കുപ്പികളിലാക്കിയും കൊണ്ടുവന്ന് ഉപയോഗിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ അത് ഉപയോഗിച്ചു എന്ന് ഉപയോഗിച്ചവർപോലും പറയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല പല പേരിലായതുകൊണ്ട് ചിലപ്പോൾ കർഷകരും കബളിപ്പിക്കപ്പെടുന്നുണ്ട്. പാലക്കാട് ജില്ലയിൽ ഇത് ഉപയോഗിക്കുന്നതിനെതിരെ കളക്ടറുടെ നേതൃത്വത്തിൽ കളക്ടർതന്നെ മോണിട്ടർ ചെയ്യാവുന്ന തരത്തിൽ രണ്ടു ദിവസത്തെ പ്രചരണജാഥയെല്ലാം ജില്ലാ തലത്തിൽ സംഘടിപ്പിച്ചിരുന്നു. ഇത് ഉപയോഗിക്കുന്നതിനെതിരെ പുതിയ അവബോധം സൃഷ്ടിക്കുകയും ഇത് ഉപയോഗിക്കരുതെന്നുള്ള ഒരു സന്ദേശം എത്തിക്കുകയും കർഷകരെ ഈ നടപടിയിൽനിന്ന് പിൻതിരിപ്പിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഇത്തരം കീടനാശിനികളുടെ വിൽപ്പനയും അതിന്റെ ഉപയോഗവും നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് പരിമിതിയുണ്ട്. വളമാണെങ്കിലും കീടനാശിനിയാണെങ്കിലും ഉപയോഗിക്കണമോ വേണ്ടയോ എന്നുള്ളത് തീരുമാനിക്കുന്നതിനുള്ള അവകാശം സംസ്ഥാനത്തിന് കിട്ടേണ്ടതാണ്.

<u>ശ്രീ. കെ. രാജു</u>: സർ, ജൈവകൃഷിയുടെ ഉൽപ്പാദനത്തിലും വിപണനത്തിലും വി.എഫ്.പി.സി.കെ. നല്ലൊരു പങ്കാണ് വഹിക്കുന്നത്. മെച്ചപ്പെട്ട രീതിയിൽ അവർ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനത്തിന് ആവശ്യമായ ബഡ്ജറ്റ് സപ്പോർട്ടുണ്ടോ? അതിനുള്ള തുകകൾ അലോട്ട് ചെയ്തിട്ടുണ്ടോ? അതോടൊപ്പം തന്നെ വിപണനത്തിനു വേണ്ടി ജില്ലാതലത്തിലുള്ള അപ്പെക്സ് ബോഡികൾ കൊല്ലം ജില്ലയിൽ മാത്രമാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ ഇത്തരം അപ്പെക്സ് ബോഡികൾ രൂപീകരിക്കാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, വി.എഫ്.പി.സി.കെ. കേരളത്തിൽ പച്ചക്കറി-പഴം മേഖലയിൽ കർഷകരുടെ പങ്കാളിത്തത്തിലാണെങ്കിലും ഉൽപ്പാദന വർദ്ധനവിലാണെങ്കിലും മുന്നേറിപ്പോയിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ്. ഈ വർഷം വി.എഫ്.പി.സി.കെ.-യുടെ ചരിത്രത്തിൽ ആദ്യമായി ഏറ്റവും വലിയ ബഡ്ജറ്റ് സപ്പോർട്ട്, അഞ്ചേകാൽ കോടി രൂപ, ബഡ്ജറ്റ് ഹെഡ്ഡിൽനിന്നുതന്നെ വി.എഫ്.പി.സി.കെ.-ക്ക് ഈ വർഷം കൊടുക്കുന്നുണ്ട്. വി.എഫ്.പി.സി.കെ.-യുടെ അപ്പെക്സ് ബോഡികൾ എല്ലാ ജില്ലകളിലും ഉണ്ടാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കഴിഞ്ഞ ദിവസം അതിന്റെ ഉദ്ഘാടനം കഴിഞ്ഞു. എല്ലാ ജില്ലകളിലും അത് ആരംഭിക്കുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, പശുവളർത്തൽ കൃഷിയുടെ ഭാഗമാണെന്ന് എല്ലാപേരും അംഗീകരിച്ചിട്ടുള്ള കാര്യമാണ്. ഏറ്റവും കൂടുതൽ മായം വരുന്നത് പാലിലാണെന്ന് നമുക്കെല്ലാപേർക്കും അറിയാം. ഈ അടുത്ത കാലത്ത് ജനകീയാസൂത്രണത്തിൽപ്പെടുത്തി തിടനാട് ഗ്രാമപഞ്ചായത്തിൽ പശു കൃഷി നടത്തുന്നുണ്ട്. 65 പശുക്കൾ അവിടെയുണ്ട്. അതിന്റെ കൂട് പ്രത്യേക രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. മൃഗസംരക്ഷണ വകുപ്പുതന്നെ ഉണ്ടാക്കിയതാണ്. അതിന്റെ ഒരു ലിറ്റർ പാലിന് 28 രൂപ കൊടുക്കാൻ കൃഷിക്കാർ തയ്യാറാണ്. 23 രൂപയാണ് നമ്മൾ ഇപ്പോൾ പാലിന് പ്രഖ്യാപിച്ചിട്ടുള്ളത്. ആ

പാലിന്റെ ഗുണം എന്താണെന്നുവച്ചാൽ പുല്ലുപോലും പുറത്തുപോകാതെ വൃത്തിയാക്കി പ്രത്യേക സൈസിൽ കൂട് ഉണ്ടാക്കി, പശുവിനെ പ്രത്യേകമായി, ചാണകവും മൂത്രവും ഒന്നും വരാതെ സൂക്ഷിക്കുകയാണവിടെ. മിനിഞ്ഞാന്ന് ആയിരുന്നു അതിന്റെ ഉദ്ഘാടനം. ഞാൻ അവിടെ പോയി മുഴുവൻ കൂടുകളും കണ്ടു. ആ രീതിയിലുള്ള പശുകൃഷി വ്യാപകമാക്കി പ്രസ്തുത പദ്ധതി വികസിപ്പിക്കുന്നതിന് കൃഷിവകുപ്പ് പ്രത്യേകമായി ശ്രദ്ധ ചെലുത്തുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഇതിന് കൃത്യമായി മറുപടി പറയേണ്ടത് മൃഗസംരക്ഷണ വകുപ്പ് മന്ത്രിയാണ്. ഒരുകാര്യം ഞാൻ പറയാം, ഈ വർഷം പാടശേഖര സമിതിയുമായി ബന്ധപ്പെട്ട് വയ്ക്കോൽകൂടി ഉല്പാദിപ്പിക്കപ്പെടുന്ന പാടശേഖര സമിതികൾക്ക് കൂടുതൽ സബ്സിഡി അടിസ്ഥാനത്തിൽ പശുക്കളെകൂടി നൽകാൻ കൃഷി-മൃഗ സംരക്ഷണ വകുപ്പുകൾ ചേർന്ന ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അതിനുള്ള പണവുമുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രിക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഇല്ല.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞതുമായി ബന്ധപ്പെട്ടാണ് എനിക്ക് പറയാനുള്ളത്. മുതലമട പഞ്ചായത്ത് തെക്കേ ഇൻഡ്യയിലെ ഏറ്റവും കൂടുതൽ മാമ്പഴം ഉൽപ്പാദിപ്പിക്കുന്ന പ്രദേശമാണ്. മാവ് പൂക്കുന്ന കാലത്ത് പൂവ് പൊഴിഞ്ഞുപോകാതിരിക്കാൻവേണ്ടി കരാട്ടെ എന്ന പേരിലാണ് എൻഡോസൾഫാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അത് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞു തമിഴ്നാട്ടിൽനിന്നാണ് ഇത് കൂടുതൽ വന്നുകൊണ്ടിരിക്കുന്നതെന്ന്. ഈ പ്രശ്നം ഏറ്റവും അധികം രൂക്ഷമായപ്പോൾ അവിടെ കൃഷിവകുപ്പും വിവിധ രാഷ്ട്രീയപ്പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനം നടത്തിയതിന്റെ ഭാഗമായി ഇത് തടയാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, പ്രശ്നം കേരളത്തിന്റെ ബോർഡറിന്റെ തൊട്ട് അപ്പുറത്ത് കിടക്കുന്ന തമിഴ്നാട്ടിൽ ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെനിന്ന് വീണ്ടും കേരളത്തിലേക്ക് കടന്നുവരികയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ ഇതിന്റെ ഒരു സന്ദേശം കൊടുത്ത് തടയാൻ ആവശ്യമായ ശക്തമായ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം ?

ശ്രീ. മുല്ലക്കര രത്നാകരൻ : ഇത് ആദ്യം ഞാൻ വിശദീകരിച്ചതാണ്. കൃഷി ഒരു സംസ്ഥാന വിഷയമായിരിക്കുമ്പോൾ എന്തു കീടനാശിനി ഉപയോഗിക്കണം എന്തുവളം ഉപയോഗിക്കണം എങ്ങനെ കൃഷി ചെയ്യണമെന്നുള്ള അവകാശം സംസ്ഥാനത്തിന് കിട്ടേണ്ടതാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഏതെല്ലാം ഉപയോഗിക്കണമെന്ന് തീരുമാനിക്കുന്നത് ഇപ്പോൾ കേന്ദ്രമാണ്. ഏതെല്ലാം ഉപയോഗിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം സംസ്ഥാനത്തിന് കിട്ടിയാൽ കൃഷിയുടെ കാര്യത്തിൽ നമുക്ക് നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയും.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, കേരളത്തിൽ ജൈവകൃഷി അംഗീകരിച്ചു. പക്ഷേ, വിഷയം ഈ ജൈവകൃഷിയിലേക്ക് എത്തണമെങ്കിൽ മൂന്നുവർഷക്കാലം ഭൂമിയെ നിരന്തരമായി പരിവർത്തനപ്പെടുത്തിയെടുക്കണം. അതിന് സ്വാമിനാഥൻ കമ്മിഷൻ പറഞ്ഞത് 45,000 രൂപ ചെലവുവരുമെന്നാണ്. പക്ഷേ, ഇന്ന് പരിമിതമായ സബ്സിഡിയാണ് കൊടുക്കുന്നത്. രണ്ടാമത്തെ കാര്യം, ഈ ജൈവകൃഷിയുടെ പ്രധാനപ്പെട്ട വിജയം ജൈവ വളമാണ്. പക്ഷേ, ഇപ്പോൾ വിതരണം ചെയ്യുന്ന ജൈവ വളത്തിൽ രാസവളം ചേർക്കുന്നുണ്ട്. മോഡലിനുവേണ്ടി തരുന്ന ആദ്യത്തെ ചാക്കിൽ രാസവളം ഉണ്ടായിരിക്കുകയില്ല. ഈ രാസവളത്തിന്റെ ഒരു നമ്പരിൽ അതിന്റെ കൃത്യമായിട്ടുള്ള തോത് കണക്കാക്കാൻ കഴിയും. ജൈവവളത്തിന് അതിന് കഴിയുകയില്ല. അപ്പോൾ ജൈവവളത്തിൽ രാസവളം ചേർത്തിട്ടില്ല എന്ന് ഉറപ്പുവരുത്തണമെങ്കിൽ വില്ലേജ് കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന ഓരോ പാക്കറ്റിൽനിന്നും സാമ്പിൾ എടുത്ത് പരിശോധിക്കണം. ആ നയം ഇന്ന് ഗവൺമെന്റ് സ്വീകരിക്കുന്നില്ല. അതിന്റെ ഫലമായി രാസവളമാണ് ഈ ജൈവവളത്തിലൂടെ വിറ്റഴിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, കുറച്ച് അപാകതകൾ കേരളത്തിൽ വരുന്നുണ്ട്. അതിന് ജൈവ കൃഷിനയം നടപ്പാക്കുമ്പോൾ നമ്മൾ കർഷകരെക്കൊണ്ടുതന്നെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആവശ്യത്തിനുള്ള വളം നിർമ്മിക്കുന്നതിനുള്ള സംവിധാനമാണ് ഗവൺമെന്റ് ഒരു പ്രോജക്ടായി വച്ചിട്ടുള്ളത്. അങ്ങനെ കർഷകർക്ക് തന്നെ സാങ്കേതിക സഹായം കൊടുത്ത് യൂണിവേഴ്സിറ്റിയുടെ സഹായവും കിട്ടി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. എന്നാലും നമുക്ക് ആവശ്യമായ വളം വാങ്ങേണ്ടിവരും. അത് വാങ്ങുന്നതിന്റെ ക്വാളിറ്റി ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ നടപ്പാക്കുന്നതാണ്.

ഡിസ്ട്രസ്സ് പർച്ചേഴ്സ് സ്കീം

2 (*572) ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ പരിഹരിക്കാനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly